LIBRARY ARCHIVES Kerala Legislative Assembly

രുന്നു കല്ലർ തെക്കുംമുറി വില്ലേജിൽ വാളർ ദേശത്തിനു അടുത്താണ്. അവിടെനിന്ന പുളിക്കക്കടവിലേക്കു ഒരു വഴി മാത്രമേയുള്ളു. എന്നാൽ ഇപ്പോൾ റോഡുമാർഗ്ഗം കൊരട്ടി യിൽനിന്ന പുളിക്കക്കടവിലേക്ക ചുരുങ്ങിയതു് ആറ മൈൽ വളഞ്ഞുവേണം പോകുവാൻ. ഈ വഴി അവിടെയുണ്ടാക്കിയാൽ വലുതായിരിക്കുന്ന മെച്ചം ആ നാട്ടിലെ ജനങ്ങൾക്കുണ്ടാകും. ഈ റോഡില്ലാത്തതുകൊണ്ടു് ഭീമമായിരിക്കുന്ന ബുദ്ധിമുട്ടുകൾ യഥാർത്ഥത്തിൽ ആ നാട്ടിലെ പൊ വിദ്യാർത്ഥികൾക്കാണ്. കൊരട്ടിയിലും അതിനടുത്തുള്ള മറ്റ പ്രദേശങ്ങളിലു ള്ള വിദ്യാർത്ഥികൾക്കു് ഒരു ഹൈസ്കൂൾ ഉള്ളതു് വാളരിലാണ്. ഈ വിദ്യാർത്ഥികൾക്കു് പ്രസ്തുത സ്കൂളിലേക്കു് പോകുന്നതിനു് പാടത്തുകൂടിവേണം നടക്കുവാൻ. ചിറ വരമ്പിന്റെ സംരക്ഷണത്തിൽ സാധാരണയായി കാണിക്കുന്ന അശ്രദ്ധകൊണ്ടു് ചിലപ്പോഴെല്ലാം അതിൽ ചില വിടവുകൾ വന്നുപോകാറുണ്ട്. വഞ്ചിയിലുമല്ല കരക്കുമല്ല എന്ന ഒരു ബുദ്ധി മുട്ടാണ് ഇന്നു് അവർ അനുഭവിക്കുന്നതു്. ഇപ്പോൾ വലുതായ പണച്ചിലവുകൂടാതെ ആ ചിറ വരമ്പിന്റെ വീതി കൂട്ടി ഒരു റോഡിന്റെ മാതിരിയാക്കിയാൽ അതു് ഒരു എളുപ്പമായ വഴിയായിരിക്കും. ഈ സംഗതിയാണ് ഞാൻ ഈ ഉപക്ഷേപംമൂലം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതിന്റെ അവതാരകൻ പറഞ്ഞ സംഗതികൾ ശരിയാ യിട്ടുള്ളതും, ആവശ്യമായിട്ടുള്ളതുമാണെന്നു കാണുന്നതുകൊണ്ടു് ഞാൻ ഇതിനെ ശക്തിയാ യി പിൻതാങ്ങുന്നു. ഇതു ഒരു പ്രദേശിക കാര്യമാണെന്നു പറഞ്ഞതുകൊണ്ടു് ഇതിൽ ഗ വണ്മെണ്ടു പ്രത്യേകം ശ്രദ്ധിക്കണമെന്നപേക്ഷിക്കുകയും ചെയ്യുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer)*: This question will be considered, Sir, and I shall place this before the Road Board and have their opinion in the matter.

Mr. C. S. Panickar *(Adur)*: With that assurance, I beg leave of the House to withdraw the motion.

Cut motion, by leave, withdrawn

CUT MOTION No. 21

Pandikkudi—Chellanam Road

മിസ്റ്റർ പി. ടി. ജോക്കബ്: ചെയർമാൻ സർ, ചെല്ലാനം-പാണ്ടിക്കുടി റോഡ് വള രെ നാളായി സർവ്വെ ചെയ്തു കഴിഞ്ഞതിനശേഷം അതിലേക്കു കുറെ പണവും റോഡ് ബോർ ഡ് അനുവദിക്കുകയുണ്ടായി. ഫസ്റ്റ്, ൦൦൦ക. ഒരിക്കലും പിന്നിട് ൫, ൦൦൦ക. യും ഇങ്ങിനെ രണ്ടിനമായിട്ട് സംഖ്യകൾ അനുവദിച്ചിട്ടും അതിനെ തുടർന്ന ആ പ്രദേശത്തുള്ള വർക്കു സൊകര്യം- ലഭിക്കത്തക്കവിധത്തിൽ അതിനെ പ്രയോഗികമായ പ്രവൃത്തിയിൽ കൊ ണ്ടുവന്ന കാണുന്നില്ല. ആയിരമായിരം കൂലിവേലക്കാർ നിത്യേന നടന്നുപോകുന്ന കണ്ടും, കഴിയും ഉള്ള വഴി, തോടും ചിറകളും നിറഞ്ഞ ഏതാണ്ട് എട്ടൊമ്പതു നാഴിക നിളമുള്ള ആ പ്രദേശത്തു് ഉണ്ടാക്കുവാൻവേണ്ടി ഒന്നും ചെയ്യുവാൻ ഗവണ്മെണ്ടു് തയ്യാറില്ലെന്ന കണ്ടാൽ ഇതൊരു പ്രാദേശിക വിഷയമായതുകൊണ്ടു നാം അനുവദിക്കേണ്ടതാണു്. അങ്ങിനെ ഇ തിലേക്കു നൽകിയിരുന്ന ൧൯, ൦൦൦ക. യെ മറ്റെതൊ വിഷയത്തിലേക്കു മാറ്റി ചില വു ചെയ്തതായിട്ടും അറിയുന്നു. പ്രാദേശികവിഷയങ്ങളെ വിഗണിച്ചു ആവശ്യമാണെന്നു കരുതാവുന്ന മറ്റെതെങ്കിലും വിഷയത്തിലേക്കു് മാറ്റണമെന്നു് ഒരിക്കലും ശരിയായിട്ടുള്ള നട പടിയല്ല. പ്രാദേശികമായ ഈ ആവശ്യം ഏറ്റവും നിസ്സാരമായി കരുതാതെ ഏറ്റവും കായ്ക്കു ഗൌരവത്തോടുകൂടിയ ആ പ്രദേശത്തിലെ ജനങ്ങളുടെ ആവശ്യം എത്രയും അത്യാവ ശ്യമാണെന്നുള്ള നിലയിൽ ഗവണ്മെൻറ വീക്ഷിക്കുകയും, ഇപ്പോഴെങ്കിലും ഒരു സംഖ്യ ശരി യായ തരത്തിൽ അനുവദിച്ചു് ഗവണ്മെണ്ടു് ആ പണി നടത്തുകയും ചെയ്യണമെന്നുള്ള അഭി പ്രായം മാത്രമെ എനിക്കു ഇവിടെ പറയുവാനുള്ളു.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: മിസ്റ്റർ ചെയർമാൻ, പാണ്ടിക്കുടി-ചെല്ലാനം റോ ഡിന്റെ ചരിത്രം പറയുകയാണെങ്കിൽ വളരെ രസാവഹമാണു്. മറ്റൊരു വശത്തുകൂടി ആലോചിച്ചാൽ ഏറ്റവും പരിതാപകരവുമാണു്. പാണ്ടിക്കുടി-ചെല്ലാനം റോഡ് വാ സ്തവത്തിൽ ഇന്നു് ഒരു സങ്കൽപലോകത്തിൽ മാത്രം നിലനില്ക്കുന്ന ഒരു റോഡാണു്. ൧൯൦ മുതൽക്കു് ഇതുവരെ തുടരെത്തുടരെയായി ചെല്ലാനം പഞ്ചായത്തിൽനിന്നും, അവി ടെ അധിവസിക്കുന്ന ജനങ്ങളിൽനിന്നും, വളരെ ഭീമ ഹർജികളും അപേക്ഷകളും പ്രമേയ

ങ്ങളും മറ്റും ഗവണ്മെണ്ടിനു ലഭിക്കയുണ്ടായിട്ടുണ്ട്. എന്നാൽ അതിനെല്ലാം "This is engaging the attention of the Government" എന്നു പറഞ്ഞു നീക്കി വെക്കുകയാണു് ചെയ്തിട്ടുള്ളതു്. ഇന്നും അതുപോലെ attention engage ചെയ്കതന്നെയാണെന്നാണു് എനിക്കു് തോന്നുന്നതു്. ഈ റോഡിനുവേണ്ടി ഫ്ലഡ്-ലെ ബഡ്ജറിൽ നൂ,൦൦൦ക. കൊള്ളിച്ചിരുന്നു. ആ കൊല്ലത്തിൽതന്നെ ഒരു പ്രിലിമിനറി സർവ്വെ നടത്തുകയുണ്ടായി. പക്ഷെ ആ റോഡു് പോകുന്ന സ്ഥലങ്ങളെല്ലാം ഫ്രീ സറണ്ടറായി കൊടുക്കണമെന്നു് ഗവണ്മെണ്ടു് ആവശ്യപ്പെട്ടതായും അറിയുന്നുണ്ടു്. ഫ്രീ സറണ്ടർ കൊടുക്കുവാൻ സമ്മതിക്കാതെ വന്നപ്പോൾ ആ റോഡുപണി അവിടെതന്നെ നിന്നു പോകുകയുണ്ടായി. പിന്നീടു് ഒന്നു് രണ്ടു് കൊല്ലങ്ങൾക്കിടയിലാണെന്നു തോന്നുന്നു, ആ സംഖ്യ ഫാമിൻ റിലീഫു് വക്കിനായി മാറ്റിവെച്ചു. ൨൫, ൦ ൦ ൦ക. കുമ്പളങ്ങിയിൽനിന്നു ചെല്ലാനത്തേക്കു പോകുന്നതിനായി പാടത്തിന്റെ നടുക്കുകൂടി ഒരു മൺ ചിറയിടുന്നതിനു് വിനിയോഗിച്ചു. മറ്റെ ൪,൦൦ക. ആ ഭാഗമടിപ്പാതെ ചെന്നുമുട്ടുന്ന ചെല്ലാനത്തിന്റെ വടക്കെ അതുത്തി മുതൽ, തെക്കെ അതുത്തുവരെ നീട്ടുവാനുള്ള ആവശ്യത്തിനായി ചിലവാക്കീട്ടുണ്ടെന്നാണു് ഞാനറിയുന്നതു്. ഈ നൂ,൦൦ക. കൊണ്ടു് ഫാമിൻ റിലീഫിന്റെ പേരിൽതന്നെ പാണ്ടിക്കുടി ചെല്ലാനം റോഡുപണി തീർക്കാമായിരുന്നു. അതു ചെയ്യാതെ ആ പണം വേറെ ഒരു ആവശ്യത്തിലേക്കായി ചിലവാക്കീട്ടുണ്ടു്. ഇന്നു് കുമ്പളങ്ങിയിൽനിന്നും ചെല്ലാനത്തേക്കു് പോകുന്ന ഭാഗമടിപ്പാതയുടെ ഇടക്കു് ചില പാലങ്ങളെല്ലാമുണ്ടു്. അതിന്റെയെല്ലാം റിപ്പയറിന്നായി കൊല്ലംതോറും വളരെയധികം പണവും ചിലവാക്കുന്നുണ്ടു്. അതെല്ലാം ക്രമാതിരിക്കുവാൻ പാണ്ടിക്കുടി ചെല്ലാനം റോഡുപണി ഉടനടി തുടങ്ങുകയാണെങ്കിൽ അതു് അവിടെ താമസിക്കുന്ന ജനങ്ങൾക്കു് വളരെയധികം പ്രയോജനകരമായിരിക്കും. മട്ടാഞ്ചേരി, കൊച്ചിയിലെ വലിയൊരു കച്ചവട കേന്ദ്രമാണു്. അതിനടുത്തു കിടക്കുന്ന ചെല്ലാനം ഈ പരിഷ്കൃത പട്ടണവുമായി യാതൊരു ബന്ധവുമില്ലാതെ അകന്നു കിടക്കുന്നു. ഒരു തരത്തിൽ അതൊരു ഫിൻറർലാൻഡു് ആയിട്ടുവേണം കരുതുവാൻ. അവിടെനിന്നും നാളികേരം മുതലായ സാധനങ്ങൾ ഇങ്ങോട്ടു് കൊണ്ടുവരുവാനും, ഇവിടെനിന്നുള്ള സാധനങ്ങൾ അങ്ങോട്ടു് കൊണ്ടുപോകുവാനും വളരെ കഷ്ടപ്പാടുണ്ടു്. അവിടെ ഇന്നുള്ളതു ഒരു നടവഴിയാണു്. ഇടക്കിടക്കു് തോടും കൃഷിസ്ഥലങ്ങളും പാടങ്ങളും ഉള്ളതുകൊണ്ടു് വേനല്ക്കാലത്തുപോലും നീന്തിക്കടക്കേണ്ടിവരുന്നു. ഇന്നും അതിനു പാണ്ടിക്കുടി ചെല്ലാനം റോഡു് എന്ന പേരുണ്ടു്. പക്ഷെ പാണ്ടിക്കുടിയിൽനിന്നു തുടങ്ങിയതുപോലെതന്നെ ഇന്നും നിലകൊള്ളുന്നുണ്ടു്. ഇങ്ങിനെയുള്ള ഒരു റോഡു് "പാണ്ടിക്കുടി-ചെല്ലാനം റോഡു്" എന്ന പേരിൽ വെച്ചുകൊണ്ടിരിക്കുന്നതു് വാസ്തവത്തിൽ ഒരു അനാമത്തിയാണു്. എറണാകുളത്തുനിന്നും ഹാർബറിലേക്കുള്ള തീവണ്ടിയെ എറണാകുളം കൊയിലോൺ തീവണ്ടിയെന്നു വിളിച്ചാൽ എങ്ങിനെയിരിക്കുമോ, അതുപോലെയിരിക്കും ഇതിനെ "പണ്ടിക്കുടി—ചെല്ലാനം റോഡു്" എന്നു വിളിക്കുന്നതു്. പേരു് ഇന്നും ഇങ്ങിനെതന്നെ ഇരിക്കുന്നു സ്ഥിതിക്കു് അതിനെ ചെല്ലാനംവരെ എത്തിക്കേണ്ട ചുമതല ഗവണ്മെണ്ടിനുണ്ടു്. ഈ സംഗതി ഗവണ്മെണ്ടിനെ അറിയിച്ചുകൊണ്ടും വേണ്ടനടപടികൾ ഉടനടി എടുക്കുവാൻ അപേക്ഷിച്ചുകൊണ്ടും ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി പിൻതാങ്ങുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഈ പാണ്ടിക്കുടി-ചെല്ലാനം റോഡിനു നൂ, ൦ ൦ ൦ക. ബഡ്ജറിൽ കൊള്ളിച്ചിരുന്നു എന്നു പറയുന്നതു ശരിയല്ല. അതു കുമ്പളങ്ങി-ചെല്ലാനം റോഡിലേക്കാണു് ചിലവു് ചെയ്തിട്ടുള്ളതു്. ഞാനും റോഡു് ബോർഡിലെ ഒരു മെമ്പറായിരുന്നു. ആദ്യം പാണ്ടിക്കുടി-ചെല്ലാനം റോഡുപണി നടത്തുവാനുള്ള ഉദ്ദേശത്തോടുകൂടിയും ഹാർബറിന്റെ നാലാം ഘട്ടം പണി പൂർത്തിയായാൽ കന്യാകുമാരിവരെ പോകുവാൻ അതൊരു നല്ല മാർഗ്ഗമായിരിക്കുമെന്നു കരുതിയും ആ സംഖ്യ പാണ്ടിക്കുടി-ചെല്ലാനം റോഡിനു മാറ്റിവെക്കണമെന്നു റോഡു ബോർഡ് തീരുമാനിച്ചു. പകുതി സംഖ്യ ലാൻറ് അകൂസിസിഷനും, പകുതി സംഖ്യ പണി നടത്തുവാനുമാണു് നീക്കിവെച്ചതു്. അകൂസിഷൻ വന്നപ്പോൾ പകുതി സംഖ്യ മതിയാകാതെവന്നു. അകൂസിഷൻ ചാർജ്ജു കണക്കാക്കിയപ്പോൾ ഒന്നിൽ ചിലപ്പോൾ ലക്ഷം ഉറുപ്പിക വേണമെന്നാണു് കണ്ടതു്. ഏതാനും വസ്തു ഉടമസ്ഥന്മാരോടു് വിലകൂടാതെ വസ്തു കിട്ടുവാൻ മാർഗ്ഗമുണ്ടോ എന്നു്, ബോർഡിലെ മെമ്പർമാരായ ഞങ്ങൾ ഇക്കാര്യത്തിൽ നാട്ടുകാരുടെ സഹകരണത്തെ പ്രതീക്ഷിച്ചുകൊണ്ടു നാട്ടുകാരിൽ കഴിവുള്ളവരോടു പോയി സൌജന്യമായി സ്ഥലം തരാമോ എന്നു ചോദിച്ചു. അതിനു് അവർ തയ്യാറുണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ടി. ജേക്കബ്: നാട്ടുകാരിൽ ആരോടാണ് ചോദിച്ചത്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: I want notice. (ചിരി) അങ്ങിനെയിരിക്കുമ്പോഴാണ്.....

Mr. P. T. Jacob *(Latin Christians-Mattancheri):* The Hon'ble Member is answering for the Hon'ble Member for Public Works.

Mr. V. K. Aravindaksha Menon *(Chief Engineer):* No, no. He is talking on his own responsibility.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈവക സംഗതികളെക്കുറിച്ച് ഏതാണ്ട് ഓമ്മയുള്ളതുപ്പോലെ സംസാരിക്കുമ്പോൾ ആ സ്ഥലത്തെ വസ്തു തരുവാൻ വിദഗ്ദ്ധതിച്ച മുതലാളിമാർ ആരാണെന്ന് ഓമ്മയുണ്ടായിരിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ചോദിക്കുന്നതെങ്കിൽ അതൊരു ഹിമാലയൻ മണ്ടത്തരമാണ്. ഈ പാണ്ടിക്കുടി-ചെല്ലാനം റോഡു പോകേണ്ട ഭാഗത്തു ബ്രിട്ടീഷ്വക സ്ഥലങ്ങൾകൂടി പെടുന്നുണ്ട്. അതുകൊണ്ട് ബ്രിട്ടീഷ് ഗവമ്മെണ്ടിന്റെ സാങ്ഷനുവേണ്ടി ഗവമ്മെണ്ടിൽനിന്നും എഴുതുകയുണ്ടായി. അപ്പോഴാണ് സംഖ്യ പോരാതെവന്നതു. അതുകൊണ്ടാണ് ആ സംഖ്യ ഒറിജിനൽ വക്കിനുവേണ്ടി എടുക്കാൻ തീരുമാനിച്ചതു. അക്കാലത്താണ് തൃശ്ശൂവപേരൂരിലെ ഒരു പണിക്കുവേണ്ടി വെച്ചിരുന്ന പണം വൈപ്പിൻ-പള്ളിപ്പുറം റോഡിനുവേണ്ടി നിക്കിവെച്ചതു. ഇങ്ങിനെ പല പണികളും നടക്കാതെവന്നിട്ടുണ്ട്. പാണ്ടിക്കുടി-ചെല്ലാനം റോഡു കൊച്ചീരാജ്യത്തിനു് ഏറ്റവും അഭിവൃദ്ധിയുണ്ടാക്കുന്ന ഒരു റോഡാണെന്നുള്ളതു ഗവമ്മെണ്ടു മനസ്സിലാക്കീട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു. ഇപ്പോൾ ഓരോ ചെറിയ പാലം മാത്രമേ തിരുവിതാംകൂറും കൊച്ചിയുമായി സംഘടിപ്പിക്കുന്നതിനു് ആവശ്യമുള്ളു. അങ്ങിനെ ചെയ്യുന്നതായാൽ മട്ടാഞ്ചേരിയിൽനിന്നു് ഒരു വണ്ടി വിട്ടാൽ കന്യാകുമാരിവരെ എത്തുവാൻ സാധിക്കും.

അതോടുകൂടി ഈ എറോഷൻ നിത്തുവാൻ ശ്രമിച്ചില്ലെങ്കിൽ പാണ്ടിക്കുടി-ചെല്ലാനം റോഡുകൊണ്ടു പ്രയോജനമുണ്ടാകയില്ല. അതുകൊണ്ട് എറോഷൻ നിത്തേണ്ടതു് അത്യാവശ്യമാണ്. ഇതു രണ്ടുംകൂടി വേഗം നടത്തേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer):* The Government have accepted the necessity of constructing the Pandikudi-Chellanam Road and they have alloted a sum of Rs. 30,000 in the last Road Board programme for the road. The land acquisition and the alignment of the road have been fixed and lands plans have been prepared for this road.

Mr. G. S. Dhara Singh *(Mattancheri):* Will the work be started next year?

Mr. V. K. Aravindaksha Menon *(Chief Engineer):* The acquisition of land to the extent of the amount provided in the programme will be made early next year. I may also say, Sir, that this road work is one which will involve large expenditure and it will not be really possible unless some extra money is alloted to do this work along with the regular Road Board programme Works, which gets only Rs. 5 lakhs in five years. This road work will itself cost 3 to 4 lakhs and the amount of money that you will be able to allot from the Road Board programme is so small, a sum of only Rs. 30,000.

Mr. G. S. Dhara Singh *(Mattancheri):* The present road can be widened and metalled.

Mr. V. K. Aravindaksha Menon *(Chief Engineer):* There is no road now, there is no Pandikudi—Chellanam Road, really speaking. It may be a foot-path through which people walk. So that in works of this nature it is disheartening to start a work with Rs. 30,000 which will cost for acquisition alone 3 to 4 lakhs. That is why we are reluctant to start on a work of this nature without seeing that sufficient money is provided. In any case, we have got about Rs. 30,000 this year in the Road Board programme and to that extent we shall acquire the land and start the construction.

Mr. P. T. Jacob *(Latin-Christians-Mattancheri):* In view of the explanation, I beg leave of the House to withdraw the motion.

Cut motion, by leave, withdrawn

Cut motion No. 22

Roads in Padiyur Village

Mr. Puthur Achyuth Menon *(Kattur):* Sir I move this Cut of Re. 1 to be reduced the allotment of Rs. 12,22,453 for Communications in demand No. 30 to *bring to the notice of the Government the Village of Padiyur is one of the few Villages in the State which has no road communi-*

LIBRARY ARCHIVES Kerala Legislative Assembly